**ജീവവൃക്ഷത്തിന്റെ യാഥാർഥ്യം ജീവനായ ക്രിസ്തുവാണ്**

**I. ജീവനെന്ന നിലയിൽ ക്രിസ്തുവാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമായ ജീവവൃക്ഷത്തിന്റെ യാഥാർഥ്യം; ജീവൻ ആണ് ദൈവത്തിന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യവും ദൈവത്തിന്റെ സമ്പൂർണ്ണ രക്ഷയുടെ ലക്ഷ്യവും**

- ബൈബിളിൽ ജീവവൃക്ഷം എപ്പോഴും ക്രിസ്തുവിനെ നമ്മുടെ ഭക്ഷണത്തിനായുള്ള ദൈവത്തിന്റെ എല്ലാ സമ്പത്തിന്റെയും ദേഹരൂപമായി സൂചിപ്പിക്കുന്നു
- വെളിപ്പട് 2:7-ലെ ജീവവൃക്ഷം ക്രൂശിക്കപ്പെട്ടവനും (മരക്കഷ്ണമായ വൃക്ഷത്തിൽ വിവക്ഷിച്ചിരിക്കുന്നു—1 പത്രൊ. 2:24) ഉയിർത്തെഴുന്നേറ്റവനുമായ (ദൈവജീവനിൽ വിവക്ഷിച്ചിരിക്കുന്നു—യോഹ. 11:25) ക്രിസ്തുവിനെ സൂചിപ്പിക്കുന്നു

**മനുഷ്യനിൽ ദൈവജീവൻ നേരിടുന്ന തടസ്സങ്ങൾ**

**II. മനുഷ്യനിൽ ദൈവത്തിന്റെ ജീവൻ നേരിടുന്ന തടസ്സങ്ങൾ നാം കാണേണ്ടതാവശ്യമാണ്**

- **ദൈവത്തിന്റെ ജീവൻ നേരിടുന്ന പ്രശനങ്ങൾ:**
  1. നമ്മുടെ മാനുഷിക ധാരണകളുടെ ഇരുട്ടിനെ നാം തിരിച്ചറിയുന്നില്ല
     - നമ്മുടെ ലക്ഷ്യമായി ക്രിസ്തുവിനെയല്ലാതെ മറ്റൊന്നിനെയും എടുക്കരുത്
  2. കപടഭക്തി
     - ഒരു വ്യക്തിയുടെ ആത്മികത ഉൾവസിക്കുന്ന ക്രിസ്തുവിനെ അവൻ എങ്ങനെ കരുതുന്നു എന്നതിനാലാണ് നിർണയിക്കപ്പെടുന്നത്
  3. മത്സരം
     - നാം ഏറ്റവും കൂടുതൽ തവണയും ഏറ്റവും കഠിനമായും ചെയ്യുന്ന പാപം നമ്മിലുള്ള ക്രിസ്തുവിന്റെ ബോധത്തെ അനുസരിക്കാതിരിക്കുന്ന പാപമാണ്
  4. നമ്മുടെ സ്വാഭാവിക കഴിവ്
     - നാം കഴിവുള്ളവരും പ്രഗത്ഭരും ആയിരിക്കും, എന്നാൽ ഈ കാര്യങ്ങളെ പാപമായോ മലിനമായോ നാം പരിഗണിക്കുന്നില്ല പകരം നാം അവയെ വിലമതിക്കുന്നു
- ഈ എല്ലാ പ്രതിബന്ധങ്ങൾക്കും ഒരു പരിഹാരമുണ്ട്—നാം ക്രൂശിലൂടെ കടന്നുപോകുകയും ക്രൂശ് നമ്മെ തകർക്കുകയും വേണം;

**ജീവവൃക്ഷം ഭക്ഷിക്കുന്നത്**

**III. ജീവവൃക്ഷമായി നാം ക്രിസ്തുവിനെ ഭക്ഷിക്കുന്നതിന്, സകലത്തിലും നാം അവന് ഒന്നാം സ്ഥാനം നൽകണം, അത് അവനെ ആദ്യസ്നേഹത്താൽ സ്നേഹിക്കുന്നതും, നമ്മുടെ ജീവിതത്തിൽ സകലവുമായി അവനെ കണക്കാക്കുകയും എടുക്കുകയും ചെയ്യുന്നതിന് അവന്റെ സ്നേഹത്താൽ നിർബന്ധിക്കപ്പെടുന്നതുമാണ്**

- ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിക്കുന്നതും, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നതും, ജീവവൃക്ഷമായി അവനെ ഭക്ഷിക്കുന്നതാണ്; അതായിരിക്കണം സഭാജീവിതത്തിൽ പ്രഥമ കാര്യം
- സഭാജീവിതത്തിന്റെ ഉള്ളടക്കം ക്രിസ്താസ്വാദനത്തെ ആശ്രയിച്ചിരിക്കുന്നു; നാം എത്രത്തോളം അവനെ ആസ്വദിക്കുന്നുവോ, അത്രത്തോളം സമ്പന്നമായിരിക്കും ഉള്ളടക്കം; അതിനായ് നാം അവനെ ആദ്യസ്നേഹത്താൽ സ്നേഹിക്കേണ്ടതാവശ്യമാണ്
- നാം സകലത്തിലും കർത്താവിന് ഒന്നാം സ്ഥാനം നൽകുകയും ദിവസത്തിലുടനീളം ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ ജീവവൃക്ഷമായി നാം ഭക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, സഭയുടെ അവസ്ഥ എന്തായാലും, അത് നമുക്ക് പറുദീസയായിത്തീരുന്നു
- “ഇന്ന് സഭാജീവിതത്തിൽ ക്രിസ്തുവിനെ ജീവവൃക്ഷമായി നാം ആസ്വദിക്കുന്നില്ലെങ്കിൽ, തീർച്ചയായും രാജ്യയുഗത്തിൽ ജീവവൃക്ഷത്തിൽ നാം പങ്കുചേരുകയില്ല.”
- സഭയുടെ ശൂന്യാവസ്ഥയ്ക്കും അധഃപതനത്തിനുമുള്ള അന്ത:സ്ഥിതമായ കാരണം ദൈവജനത്താൽ ക്രിസ്തു ഉയർത്തപ്പെടുന്നില്ല എന്നതാണ്; അവർ അവന് സകലത്തിലും സർവോൽകൃഷ്ടത, ഒന്നാം സ്ഥാനം, നൽകുന്നില്ല
- നമ്മുടെ ജീവിതത്തിൽ മാത്രമല്ല നമ്മുടെ എല്ലാ സന്ദേശങ്ങളിലും ക്രിസ്തുവിന് ഒന്നാം സ്ഥാനം ഉണ്ടായിരിക്കണം

- ആദ്യസ്നേഹത്താൽ കർത്താവിനെ സ്നേഹിച്ച്, സകലത്തിലും അവന് ഒന്നാം സ്ഥാനം നൽകുന്നത്:
  - നമ്മുടെ രാജാവെന്ന നിലയിൽ അവനുവേണ്ടി നമുക്ക് വാത്സല്യമുള്ള സ്നേഹം ഉണ്ടായിരിക്കുന്നതാണ്
  - അവനെ നമ്മുടെ വ്യക്തിപരമായ പ്രപഞ്ചത്തിന്റെ കേന്ദ്രമായും, ഉള്ളടക്കമായും, ചുറ്റളവായും എടുക്കുന്നതാണ്
  - അവന്റെ സൗന്ദര്യത്തെ നോക്കുന്നതും, ആലോചന ചോദിക്കുന്നതുമാണ്
  - നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനാൽ ഭരിക്കപ്പെടുകയും, നിയന്ത്രിക്കപ്പെടുകയും, നിർദേശിക്കപ്പെടുകയും, നയിക്കപ്പെടുകയും, പ്രേരിപ്പിക്കപ്പെടുകയും ചെയ്യുന്നതാണ്
  - നീലക്കല്ലിന്റെ കഴ്ചപോലെ ദൈവത്തിന്റെ സിംഹാസനത്തിനു മുകളിൽ ഭയങ്കരമായൊരു പളുങ്കുപോലുള്ള തെളിഞ്ഞ ആകാശം ഉണ്ടായിരിക്കുന്നതാണ്
- ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാജത്വത്തിൽ തന്റെ സഹായികളായ ജയാളികളോടുകൂടെ ഭൂമിയിൽ വാഴുന്ന രാജാവായ ക്രിസ്തുവിന് മാത്രമേ കഴിയുകയുള്ളൂ
- സീയോനാൽ മുൻകുറിക്കപ്പെടുന്ന ജയാളികൾ സുരക്ഷിതതീരമാണ്, അതിലൂടെ കർത്താവ് മുഴുവൻ ഭൂമിയെയും കൈവശമാക്കുവാൻ മടങ്ങിവരും
- നമ്മുടെ തലകളെ നാം ഉയർത്തുകയും ദീർഘക്ഷമയോടെ അവന്റെ വരവിനെ പ്രതീക്ഷിക്കുകയും വേണം
- നാം ക്രിസ്തുവിന്റെ തലയായ്മയ്ക്ക് നമ്മെത്തന്നെ കീഴ്പെടുത്തുകയും അവന്റെ സിംഹാസനത്തിൻ കീഴിലായിരിക്കുകയും ചെയ്യുമ്പോൾ, നാം അവന്റെ നൈതികമായ വീണ്ടെടുപ്പിലും (പത്മരാഗം) അവന്റെ ജൈവികമായ രക്ഷയിലും (സൂര്യകാന്തം) അവൻ ആയിരിക്കുന്നതിന്റെയെല്ലാം ഗുണഭോക്താക്കളാണ്
- ക്രിസ്തുവിന്റെ വീണ്ടെടുപ്പിൻ രക്തത്തിൽ തങ്ങളുടെ അങ്കികൾ കഴുകുന്നവർക്ക്, നിത്യതയിൽ ദൈവത്തിന്റെ പറുദീസയായ വിശുദ്ധ നഗരത്തിൽ തങ്ങളുടെ നിത്യ ഓഹരിയായി ജീവവൃക്ഷം ആസ്വദിക്കുവാനുള്ള അവകാശമുണ്ട്